ഡബിൾ സുരക്ഷ

ഉപഭോക്താവിനുള്ള വിവര പത്രിക

ഇൻഷുറൻസ് പരിരക്ഷ എടുത്ത വ്യക്തിക്കുള്ള നിർദ്ദേശങ്ങൾ:

1. ഈ രേഖ നിങ്ങളുടെ പോളിസിയെക്കുറിച്ചുള്ള പ്രധാനപ്പെട്ട വിവരങ്ങൾ നൽകുന്നു. നിങ്ങളുടെ പോളിസി രേഖയും പോളിസി ഷെഡ്യൂളും വായിച്ചു നോക്കുന്നതിനായി നിങ്ങളോട് നിർദ്ദേശിക്കുന്നു
2. ഐആർഡിഎഐ (അധികൃതർ) നിർദ്ദേശിച്ചിട്ടുള്ളതു പോലെ, ഉപഭോക്തൃ വിവര പത്രിക ലഭിക്കുമ്പോൾ ഇൻഷുറൻസ് പരിരക്ഷ എടുത്ത വ്യക്തി കൈപ്പറ്റൽ സ്ഥിരീകരണം നൽകേണ്ടതുണ്ട്

ക്രമ. നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
1	**ഇൻഷുറൻസ് ഉൽപ്പന്നത്തിന്റെ പേര്**	**ഡബിൾ സുരക്ഷ**	
2	**പോളിസി നമ്പർ**	XXXXXXXX	
3	**ഇൻഷുറൻസ് ഉൽപ്പന്നത്തിന്റെ തരം**	ഇൻഡെംനിറ്റിയും ആനുകൂല്യവും	
4	**പരമാവധി ഇൻഷുറൻസ് തുകയുടെ അടിസ്ഥാനം**	വ്യക്തിഗത പരമാവധി ഇൻഷുറൻസ് തുക – XXXXX ഫ്ലോട്ടർ പരമാവധി ഇൻഷുറൻസ് തുക – XXXXX	
5	**പോളിസി പരിരക്ഷ**	**ആക്സിഡന്റ് ഹോസ്പിറ്റൽ** - ക്യാഷ് ബെനിഫിറ്റ് ഒഴികെ, 24 മണിക്കൂർ കവിഞ്ഞുള്ള കാലയളവിലേക്ക് ആശുപത്രിയിൽ കിടത്തി ചികിൽസിക്കുന്നതിന്റെ ചെലവുകൾ	2.എ.1
		സിക്ക്നെസ് ഹോസ്പിറ്റൽ ക്യാഷ് - ഏതെങ്കിലും അസുഖം/രോഗം മൂലം മെഡിക്കൽ/സർജിക്കൽ ചികിൽസയ്ക്കായി കിടത്തിയുള്ള പരിചണത്തിന് വേണ്ടിയുള്ള ആശുപത്രി പ്രവേശനമാണെങ്കിൽ, കമ്പനി ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് പരമാവധി XXXX ദിവസങ്ങൾ എന്ന വ്യവസ്ഥക്ക് വിധേയമായി ആശുപത്രിയിൽ കഴിയുന്ന ഓരോ 24 മണിക്കൂറിനും XXX ആശുപത്രി ക്യാഷ് തുകയായി നൽകും.	2.എ.1
		ആക്സിഡന്റ് ഹോസ്പിറ്റൽ ക്യാഷ് - ഏതെങ്കിലും ക്ഷതം മൂലം മെഡിക്കൽ/സർജിക്കൽ ചികിൽസയ്ക്കായി കിടത്തിയുള്ള പരിചണത്തിന് വേണ്ടിയുള്ള ആശുപത്രി പ്രവേശനമാണെങ്കിൽ, കമ്പനി ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് പരമാവധി XXXX ദിവസങ്ങൾ എന്ന വ്യവസ്ഥക്ക് വിധേയമായി ആശുപത്രിയിൽ കഴിയുന്ന ഓരോ 24 മണിക്കൂറിനും XXXX സിക്ക്നെസ് ആശുപത്രി ക്യാഷ് തുക ഇരട്ടി നൽകും.	2.എ.2
		ഐസിയു ക്യാഷ് - ഏതെങ്കിലും അസുഖം/രോഗം/ക്ഷതം മൂലം മെഡിക്കൽ/സർജിക്കൽ ചികിൽസയ്ക്കായി കിടത്തിയുള്ള പരിചണത്തിന് വേണ്ടി, ആശുപത്രി തീവ്രപരിചരണ വിഭാഗത്തിലെ (ഐസിയു) പ്രവേശനം ആണെങ്കിൽ, കമ്പനി ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് പരമാവധി 7 ദിവസങ്ങൾ എന്ന വ്യവസ്ഥക്ക് വിധേയമായി ആശുപത്രിയിൽ കഴിയുന്ന ഓരോ 24 മണിക്കൂറിനും സിക്ക്നെസ് ആശുപത്രി ക്യാഷ് തുക ഇരട്ടി നൽകും.	2.എ.3
		ആയുഷ് ചികിൽസ - പോളിസി കാലയളവിൽ ആയുഷ് ചികിൽസയ്ക്ക് കീഴിൽ ആശുപത്രിയിൽ കിടത്തിയുള്ള ചികിൽസയ്ക്കായി ഉണ്ടാകുന്ന നിങ്ങളുടെ മെഡിക്കൽ ചെലവുകൾ ഞങ്ങൾ വഹിക്കും.	
		ഓപ്ഷണൽ കവറുകൾ	
		ആരോഗ്യം വീണ്ടെടുക്കൽ കാലയളവ് - പോളിസി കാലയളവിൽ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി ഒരു രോഗത്തിന്റെയോ ക്ഷതത്തിന്റെയോ വൈദ്യ ചികിൽസാപരമായി ആവശ്യമായ ചികിൽസയ്ക്കായി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും അത്തരം ആശുപത്രി വാസം കുറഞ്ഞത് 5 ദിവസത്തേക്ക് തുടർച്ചയായി ആവശ്യമാകുകയും ചെയ്യുന്നുവെങ്കിൽ, ഞങ്ങൾ 7,000 രൂപ ഒറ്റത്തവണ തുകയായി നൽകും.	2 ബി 1

മാഗ്മ ജനറൽ ഇൻഷുറൻസ് ലിമിറ്റഡ് (മുൻപ് മാഗ്മ എച്ച്ഡിഐ ജനറൽ ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്) www.magmainsurance.com | ഇ-മെയിൽ: customercare@magmainsurance.com | ടോൾ ഫ്രീ: 1800 266 3202 | രജിസ്റ്റർ ചെയ്ത ഓഫീസ്: ഇക്വിനോക്സ് ബിസിനസ് പാർക്ക്, ടവർ 3, അംബേദ്കർ നഗർ, രണ്ടാം നില, യൂണിറ്റ് നമ്പർ 1ബി & 2ബി, എൽബിഎസ് മാർഗ്, കുർള (വെസ്റ്റ്), മുംബൈ 400070, മഹാരാഷ്ട്ര, ഇന്ത്യ | സിഐഎൻ: U66000MH2009PLC460693 | ഐആർഡിഎഐ രജിസ്ട്രേഷൻ നമ്പർ 149 | ഡബിൾ സുരക്ഷ | ഉൽപ്പന്ന യുഐഎൻ: MAGHLIP25038V062425 | ഒഴിവാക്കലുകൾ, അപകടസാദ്ധ്യതാ ഘടകങ്ങൾ, നിബന്ധനകളും വ്യവസ്ഥകളും എന്നിവയെക്കുറിച്ചുള്ള വിശദാംശങ്ങളുടെ പൂർണ്ണമായ പട്ടികയ്ക്കായി, വാങ്ങുന്നതിനായി അന്തിമ തീരുമാനമെടുക്കുന്നതിന് മുമ്പ് ദയവായി പോളിസി രേഖകൾ വായിക്കുക. | പ്രദർശിപ്പിച്ചിരിക്കുന്ന വ്യാപാര ലോഗോ മാഗ്മ വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡിന്റേതായിരിക്കുകയും ലൈസൻസിന് കീഴിൽ മാഗ്മ ജനറൽ ഇൻഷുറൻസ് ലിമിറ്റഡ് ഉപയോഗിക്കുകയും ചെയ്യുന്നു. | ഞങ്ങളുടെ വെബ്സൈറ്റിൽ മിറ-യുമായി ചാറ്റ് ചെയ്യുക അല്ലെങ്കിൽ വാട്ട്സ്ആപ്പ് നമ്പർ 7208976789-ൽ (CIS.AS.ver28.11.25)-ൽ ''ഹായ്'' എന്ന് അയയ്ക്കുകയും ചെയ്യുക.

ക്രമ. നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		ഡേ കെയർ ചികിൽസ - ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് വൈദ്യ ചികിൽസാപരമായി ആവശ്യമായ 10 ലിസ്റ്റഡ് ഡേ കെയർ ചികിൽസകളിൽ ഒന്ന് ആവശ്യമുണ്ടെങ്കിലും അത് സ്വീകരിച്ചിട്ടുണ്ടെങ്കിലും ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി 24 മണിക്കൂറിൽ താഴെയുള്ള സമയത്തേക്ക് മാത്രം ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ഒരു പോളിസി വർഷം അഞ്ച് പ്രാവശ്യം മാത്രം അത്തരം ഡേ കെയർ ചികിൽസയ്ക്കുള്ള സിക്ക്നെസ് ഹോസ്പിറ്റൽ ക്യാഷ് തുകയുടെ ഇരട്ടി തുക ഒറ്റത്തവണയായി ഞങ്ങൾ നൽകും.	2 ബി 2
		ചൈൽഡ്ബർത്ത് ഹോസ്പിറ്റൽ - ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി (ഇൻഷുറൻസ് പരിരക്ഷയുള്ള സ്ത്രീകൾക്ക് മാത്രമേ യോഗ്യതയുള്ളൂ) ഇന്ത്യയിലെ ഏതെങ്കിലും ആശുപത്രിയിൽ കിടത്തിയുള്ള ശുശ്രൂഷ എന്ന നിലയിൽ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് പ്രസവത്തിനായി വൈദ്യ ചികിൽസാപരമായി ആവശ്യമായ ഒരു ചികിൽസ ആവശ്യമുണ്ടെങ്കിൽ, 2 പ്രസവങ്ങൾക്ക് തുടർച്ചയായതും പൂർത്തിയാക്കിയതുമായ ഓരോ 24 മണിക്കൂർ ആശുപത്രി വാസത്തിനും കമ്പനി സിക്ക്നെസ് ഹോസ്പിറ്റൽ ക്യാഷ് തുക ഒരു പ്രാവശ്യം നൽകും.	2 ബി 3
		വേൾഡ്വൈഡ് ഹോസ്പിറ്റൽ - ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് ഇന്ത്യയ്ക്ക് പുറത്തുള്ള ഏതെങ്കിലും ആശുപത്രിയിൽ, അടിയന്തരമായി കിടത്തിയുള്ള ശുശ്രൂഷ എന്ന നിലയിൽ വൈദ്യചികിൽസാപരമായി ആവശ്യമായ ചികിൽസ ആവശ്യമുണ്ടെങ്കിലും അത് സ്വീകരിച്ചിട്ടുണ്ടെങ്കിലും, പരമാവധി ഖഖഖ ദിവസങ്ങൾ എന്ന വ്യവസ്ഥയ്ക്ക് വിധേയമായി, തുടർച്ചയായതും പൂർത്തിയാക്കിയതുമായ ഓരോ 24 മണിക്കൂർ ആശുപത്രി വാസത്തിനും 3 ഇരട്ടി സിക്ക് നെസ് ഹോസ്പിറ്റൽ ക്യാഷ് അല്ലെങ്കിൽ ഒറ്റത്തവണ തുക രൂ. 15,000, ഏതാണോ കുറവ് അത്, ഞങ്ങൾ നൽകും.	2 ബി 4
		പരിചരിക്കുന്ന വ്യക്തിക്കുള്ള ആനുകൂല്യം - ഇന്ത്യയിലെ ഏതെങ്കിലും ആശുപത്രിയിൽ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് വൈദ്യ ചികിൽസാപരമായി ആവശ്യമായ ചികിൽസ ആവശ്യമുണ്ടെങ്കിലും അത് സ്വീകരിക്കുന്നുവെങ്കിലും, കിടത്തിയുള്ള ശുശ്രൂഷയ്ക്കായി ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയെ പരിചരിക്കുന്ന വ്യക്തിക്കായി ഒറ്റത്തവണ തുക രൂ. 5,000 ഞങ്ങൾ നൽകും.	2 ബി 5
		കാരുണ്യാടിസ്ഥാനത്തിലുള്ള ആനുകൂല്യം - പോളിസി കാലയളവിൽ ലോകത്തെവിടെയും വെച്ച് ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് ഒരു അപകടം മൂലം മാത്രവും നേരിട്ടും പരിക്കേൽക്കുകയും അപകട മരണം/സ്ഥിരമായ പൂർണ്ണ വൈകല്യം സംഭവിക്കുകയും ചെയ്താൽ, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്കോ അയാളുടെ/അവരുടെ നോമിനിക്കോ ഞങ്ങൾ തുക രൂ. XXXX നൽകും.	2 ബി 6
		ആശുപത്രി വാസത്തിന് മുൻപും അത് കഴിഞ്ഞുമുള്ള ചെലവുകൾ - ഒരു ക്ഷതത്തിനായി അല്ലെങ്കിൽ അസുഖത്തിനായി ആശുപത്രിയിൽ പ്രവേശിപ്പിക്കുന്ന തീയതിക്ക് തൊട്ടു മുൻപായും ആശുപത്രിയിൽ നിന്ന് വിട്ടയച്ചതിന് തൊട്ടു പിന്നാലെയും ഉണ്ടാകുന്ന നിങ്ങളുടെ പ്രസക്തമായ ആശുപത്രി വാസ മെഡിക്കൽ ചെലവുകൾ ഞങ്ങൾ വഹിക്കും. ഈ വേളയിൽ, കമ്പനി സിക്ക്നെസ് ഹോസ്പിറ്റൽ ക്യാഷ് ഒറ്റത്തവണയായുള്ള തുകയായി ഒരു പ്രാവശ്യം നൽകും.	2 ബി 7
		ആരോഗ്യ പരിപാലന ആനുകൂല്യം - ഈ കവർ നിങ്ങൾ പണം അടച്ച ബില്ലിന്റ തുക താഴെ പറയുന്ന പരിധി വരെ മടക്കി ലഭിക്കാൻ നിങ്ങളെ സഹായിക്കുന്നു. **സിക്ക്നെസ് ഹോസ്പിറ്റൽ ക്യാഷ് പ്രതിദിനം 5,000-ൽ താഴെയുള്ള ഇൻഷുറൻസ് പരിരക്ഷയ്ക്ക്** വൺ വിഷൻ കെയർ ഒപിഡി ഒഫ്താൽമോളജിസ്റ്റ് കൺസൾട്ടേഷൻ, ഡയഗ്നോസ്റ്റിക്സ്, ചികിൽസ എന്നിവയ്ക്കായി പരമാവധി രൂ. 1,000; ഓർത്തോപീഡിക് കൺസൾട്ടേഷൻ, ഡയഗ്നോസ്റ്റിക്സ്, ചികിൽസ എന്നിവയ്ക്കായി രണ്ട് ഓർത്തോപീഡിക് കെയർ ഒപിഡി, പരമാവധി രൂ. 1,500. **ഒരു ദിവസം 5,000 ന് തുല്യമോ അതിൽ കൂടുതലോ ഉള്ള ഇൻഷുറൻസ് തുകയ്ക്ക് സിക്ക്നെസ് ഹോസ്പിറ്റൽ ക്യാഷ്**	2 ബി 8

ക്രമ. നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		നേത്രരോഗവിദഗ്ദ്ധരുടെ കൺസൽട്ടേഷൻ, ഡയഗ്നോസ്റ്റിക്സ്, ചികിൽസ എന്നിവയ്ക്കായി ഒരു വിസൺ കെയർ ഒപിഡി-യ്ക്കായി പരമാവധി 1,000 രൂപ, ഓർത്തോപീഡിക് കൺസൽട്ടേഷൻ, ഡയഗ്നോസ്റ്റിക്സ്, ചികിൽസ എന്നിവയ്ക്കായി രണ്ട് ഓർത്തോപീഡിക് കെയർ ഒപിഡിയിൽ ഓരോന്നിനും പരമാവധി 1,500 രൂപ. ഫിസിയോതെറാപ്പി കൺസൽട്ടേഷനും ചികിൽസയ്ക്കുമായി മൂന്ന് ഫിസിയോതെറാപ്പി കെയർ സെഷനുകൾ; ഓരോന്നിനും പരമാവധി രൂ.1,000.	
		ഡിഡക്ടബിൾ ദിനങ്ങൾ കുറവ് ചെയ്യൽ - ഈ പരിരക്ഷ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് ഡിഡക്ടബിൾ ദിനങ്ങളുടെ എണ്ണം 0 ദിവസമായി കുറയ്ക്കാൻ അനുവദിക്കുന്നു.	2 ബി 9
		ഡിഡക്ടബിൾ ദിനങ്ങൾ വർദ്ധിപ്പിക്കൽ - ഈ പരിരക്ഷ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് ഡിഡക്ടബിൾ ദിനങ്ങൾ ഖഖഖഖ ആയി വർദ്ധിപ്പിക്കാൻ അനുവദിക്കുന്നു.	2 ബി 10
		ഐസിയു ആനുകൂല്യത്തിനുള്ള പരമാവധി ദിവസങ്ങളുടെ വർദ്ധനവ് - ഈ പരിരക്ഷ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് ഡിഡക്ടബിൾ ദിനങ്ങൾ 15 ദിവസമായി വർദ്ധിപ്പിക്കാൻ അനുവദിക്കുന്നു.	2 ബി 11
		മുൻപേ തന്നെയുള്ള രോഗങ്ങളുടെ കാത്തിരിപ്പ് കാലയളവ് കുറവ് ചെയ്യൽ - ഈ പരിരക്ഷ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് മുൻപേ തന്നെയുള്ള രോഗങ്ങളുടെ കാത്തിരിപ്പ് കാലയളവ് 24 മാസമായി കുറയ്ക്കാൻ അനുവദിക്കുന്നു.	2 ബി 12
		പേര് പരാമർശിച്ചിട്ടുള്ള രോഗങ്ങളുടെ കാത്തിരിപ്പ് കാലയളവ് കുറവ് ചെയ്യൽ - ഈ പരിരക്ഷ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് പേര് പരാമർശിച്ചിട്ടുള്ള രോഗങ്ങളുടെ കാത്തിരിപ്പ് കാലയളവ് 12 മാസമായി കുറയ്ക്കാൻ അനുവദിക്കുന്നു.	2 ബി 13
6	**ഒഴിവാക്കലുകൾ**	**സാമാന്യമായ ഒഴിവാക്കലുകൾ** • അന്വേഷണം/വിലയിരുത്തൽ (കോഡ് Excl04) • വിശ്രമ ചികിൽസ, പുനരധിവാസം, വിശ്രമ പരിചരണം (കോഡ് Excl05) • ലിംഗ മാറ്റ ചികിൽസ (കോഡ് Excl07) • സൗന്ദര്യവർദ്ധകവസ്തുക്കൾ അല്ലെങ്കിൽ പ്ലാസ്റ്റിക് സർജറി (കോഡ് Excl08) • അപകടകരമായ അല്ലെങ്കിൽ സാഹസിക കായിക വിനോദങ്ങൾ: (കോഡ് Excl09) • നിയമലംഘനം (കോഡ് Excl10) • ഒഴിവാക്കപ്പെട്ട ദാതാക്കൾ (കോഡ് Excl11) • മദ്യപാനം, മയക്കുമരുന്ന് അല്ലെങ്കിൽ ലഹരിവസ്തുക്കളുടെ ദുരുപയോഗം അല്ലെങ്കിൽ ഏതെങ്കിലും ആസക്തി ഉളവാക്കുന്ന അവസ്ഥയും അതിന്റെ അനന്തരഫലങ്ങളും എന്നിവയ്ക്കുള്ള ചികിൽസ. (കോഡ്- Excl12) • അപകടകരമായ അല്ലെങ്കിൽ സാഹസിക കായിക വിനോദങ്ങൾ: (കോഡ്- Excl09) • നിയമലംഘനം (കോഡ് Excl10) • ഒഴിവാക്കപ്പെട്ട ദാതാക്കൾ (കോഡ് Excl11) • മദ്യപാന ശീലം, മയക്കുമരുന്ന് അല്ലെങ്കിൽ ലഹരിവസ്തുക്കളുടെ ദുരുപയോഗം അല്ലെങ്കിൽ ഏതെങ്കിലും ആസക്തി സൃഷ്ടിക്കുന്ന അവസ്ഥയ്ക്കും അത് ഉളവാക്കുന്ന അനന്തരഫലങ്ങൾക്കും വേണ്ടിയുള്ള ചികിൽസ. (കോഡ് - Excl12) • ഹെൽത്ത് ഹൈഡ്രോസുകൾ, പ്രകൃതി ചികിൽസാ ക്ലിനിക്കുകൾ, സ്പാകൾ അല്ലെങ്കിൽ സമാനമായ സ്ഥാപനങ്ങൾ അല്ലെങ്കിൽ അത്തരം സ്ഥാപനങ്ങളുമായി ബന്ധിപ്പിച്ചിട്ടുള്ള ഒരു നഴ്സിംഗ് ഹോം ആയി രജിസ്റ്റർ ചെയ്തിട്ടുള്ള പ്രൈവറ്റ് ബെഡ്ഡുകൾ എന്നീ സ്ഥലങ്ങളിൽ ലഭിക്കുന്ന ചികിൽസ അല്ലെങ്കിൽ ഗാർഹികമായ കാരണങ്ങൾ മൂലം പൂർണ്ണമായോ ഭാഗികമായോ പ്രവേശനം ക്രമീകരിച്ചിട്ടുള്ള സ്ഥലങ്ങളിൽ. (കോഡ്- Excl13)	വിഭാഗം 3

ക്രമ. നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		● ആശുപത്രിവാസ ക്ലെയിമിന്റെയോ ഡേ കെയർ നടപടിക്രമത്തിന്റെയോ ഭാഗമായി ഒരു മെഡിക്കൽ പ്രാക്ടീഷണർ നിർദ്ദേശിച്ചിട്ടില്ലാത്ത, കുറിപ്പടി കൂടാതെ വാങ്ങാൻ കഴിയുന്ന വിറ്റാമിനുകൾ, ധാതുക്കൾ, ജൈവ പദാർത്ഥങ്ങൾ എന്നിവയുൾപ്പെടെ എന്നാൽ അതിൽ മാത്രം പരിമിതപ്പെടാതെയുള്ള, ഡയറ്ററി സപ്ലിമെന്റുകളും പദാർത്ഥങ്ങളും. (കോഡ് Excl14) ● റിഫ്രാക്റ്റീവ് എറർ (കോഡ് Excl15) ● ഫലക്ഷമത തെളിയിക്കപ്പെട്ടിട്ടില്ലാത്ത ചികിൽസകൾ (കോഡ് Excl16) ● വന്ധ്യംകരണ സ്ഥിതിയും വന്ധ്യതയും (കോഡ് Excl17) ● പ്രസവ ചെലവുകൾ (കോഡ് Excl18) ● അമിതവണ്ണം/ശരീര ഭാര നിയന്ത്രണം (കോഡ് Excl06) **നിർദ്ദിഷ്ട ഒഴിവാക്കലുകൾ:** ● ഏതെങ്കിലും ബദൽ ചികിൽസ ● ഇൻഷുറൻസ് പരിരക്ഷ നൽകപ്പെടുമെന്ന് വ്യക്തമായി പരാമർശിച്ചിട്ടില്ലാത്ത, ആശുപത്രി വാസവുമായി ബന്ധപ്പെട്ട ചെലവുകൾ. ഏത് ഇനത്തിലും ഉൾപ്പെടുത്തി ആശുപത്രി ഈടാക്കുന്ന സേവന ചാർജുകൾ. ഒഴിവാക്കപ്പെട്ടിട്ടുള്ള ഈ ചെലവുകളുടെ പൂർണ്ണമായ പട്ടിക ഈ പോളിസിയുടെ അനുബന്ധം II-ൽ പരാമർശിച്ചിരിക്കുന്നു. പട്ടിക ഞങ്ങളുടെ വെബ്സൈറ്റ് www.magmainsurance.com-ൽ ലഭ്യമാണ്. ● ഏതെങ്കിലും രോഗത്തിനോ ക്ഷതത്തിനായോ സ്വീകരിച്ചിട്ടുള്ള ആശുപത്രി വാസത്തിന്റെ/ഡേ കെയർ ചികിൽസയുടെ ഏതെങ്കിലും കാലയളവുമായി ബന്ധപ്പെട്ടുള്ള, ഏതെങ്കിലും മെഡിക്കൽ സർട്ടിഫിക്കറ്റ്, മെഡിക്കൽ രേഖകൾ, ചികിൽസയുടെ അല്ലെങ്കിൽ രോഗം/ക്ഷതം സംബന്ധിച്ച രേഖകൾ എന്നിവ ലഭിക്കുന്നതിനായി ഈടാക്കപ്പെടുന്ന ഏതെങ്കിലും ചാർജുകൾ. ● ഒരു അസുഖത്തിന്റെ അല്ലെങ്കിൽ രോഗത്തിന്റെ ചികിൽസയ്ക്ക് വേണ്ടിയോ അല്ലെങ്കിൽ ഒരു അപകടം മൂലം ആവശ്യമായി വരുന്നതോ അല്ലാത്ത പരിച്ഛേദന. ● ആണവ അല്ലെങ്കിൽ രാസ മലിനീകരണം, യുദ്ധം, കലാപം, വിപ്ലവം അല്ലെങ്കിൽ ഭീകരപ്രവർത്തനങ്ങൾ (പ്രകൃതിദുരന്തം അല്ലെങ്കിൽ വൻ വിപത്ത് ഒഴികെ) മൂലമുണ്ടാകുന്ന ഏതെങ്കിലും അസുഖത്തിനോ ക്ഷതത്തിനോ ഉള്ള ചികിൽസ. ● ബാഹ്യമായ ഏതെങ്കിലും ജനന വൈകല്യങ്ങൾക്കുള്ള ചികിൽസ. ● മോണ രോഗം അല്ലെങ്കിൽ കേടുമായി അല്ലെങ്കിൽ ബന്ധപ്പെട്ട അസ്ഥി രോഗത്തിനുള്ള ചികിൽസയ്ക്കുള്ള ശസ്ത്രക്രിയാ നടപടിക്രമങ്ങൾ ഉൾപ്പെടെയുള്ള ദന്ത ചികിൽസ അല്ലെങ്കിൽ ടെമ്പോറോമാണ്ടിബ്യുലാർ സന്ധിയുടെ തകരാറുകൾക്കായുള്ള അല്ലെങ്കിൽ അത് മൂലം ഉളവാകുന്ന ചികിൽസ. ഇതിന് മാറ്റം വരുന്ന സാഹചര്യം: ഒരു അപകടത്തിന്റെ ഫലമായി ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെടുകയും ഒരു ആശുപത്രിയിൽ കിടത്തി ചികിൽസിച്ചു കൊണ്ട് ഒരു മെഡിക്കൽ പ്രാക്ടീഷണർ നടത്തുന്ന ഒരു ശസ്ത്രക്രിയാ നടപടിക്രമത്തിന് ഞങ്ങൾ പണം നൽകും. ● ഏതെങ്കിലും രോഗാവസ്ഥയ്ക്കായി ഒപിഡി ചികിൽസയുടെ വേളയിൽ നൽകുന്നതോ നിർദ്ദേശിക്കുന്നതോ ആയ ഏതെങ്കിലും മരുന്നുകൾ അല്ലെങ്കിൽ സർജിക്കൽ ഡ്രെസ്സിംഗുകൾ, അല്ലെങ്കിൽ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി ആശുപത്രിയിൽ നിന്ന് പോകുമ്പോൾ വീട്ടിലേക്ക് കൊണ്ടുപോകുന്നവ, ആശുപത്രിവാസം കഴിഞ്ഞതിന് ശേഷമുള്ള പരിരക്ഷയിൽ ഉൾപ്പെടുത്തിയിട്ടുള്ളവ ഒഴികെ. ● പതിവ് നേത്ര പരിശോധനകൾ, കോൺടാക്റ്റ് ലെൻസുകൾ, കണ്ണടകൾ എന്നിവയ്ക്ക് ഞങ്ങൾ പണം നൽകില്ല. ● ശ്രവണസഹായികൾ, ഇളക്കി മാറ്റാവുന്ന പല്ലുകൾ, കൃത്രിമ പല്ലുകൾ എന്നിവയ്ക്ക് ഞങ്ങൾ പണം നൽകില്ല. ● ആശുപത്രി വാസത്തിന് മുൻപായോ അതിന് ശേഷമോ സ്വകാര്യ നഴ്സിംഗ്/അറ്റൻഡന്റിന്റെ ചെലവുകൾ. ● കുറിപ്പടി ഇല്ലാത്ത ഔഷധങ്ങളോ ചികിൽസകളോ.	

ക്രമ. നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		• ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകൽ, ഫിറ്റ്നസ് പരിശോധനകൾ എന്നിവ. • ആശുപത്രിവാസത്തിന്റെ/രോഗത്തിന്റെ ഏതെങ്കിലും കാലയളവുമായി ബന്ധപ്പെട്ട എന്തെങ്കിലും ചികിൽസയുമായി/രോഗവുമായി ബന്ധപ്പെട്ട രേഖകൾ ലഭിക്കുന്നതിന് ഈടാക്കുന്ന ഏതെങ്കിലും നിരക്കുകൾ. • രോഗനിർണ്ണയത്തിനായി ഒപ്പം/അല്ലെങ്കിൽ ചികിൽസയ്ക്കായി ഉപയോഗിക്കുന്ന ബാഹ്യമായ ഒപ്പം/അല്ലെങ്കിൽ ദീർഘ കാല ഉപയോഗത്തിനുള്ള മെഡിക്കൽ/നോൺ-മെഡിക്കൽ ഉപകരണങ്ങൾ • ആംബുലേറ്ററി ഉപകരണങ്ങൾ, വോക്കറുകൾ, ക്രച്ചസുകൾ, ബെൽറ്റുകൾ, കോളറുകൾ, ക്യാപ്പുകൾ, സ്പ്ലിന്റുകൾ, സ്ലിംഗുകൾ, ബ്രേസുകൾ, ഏതെങ്കിലും തരത്തിലുള്ള സ്റ്റോക്കിംഗുകൾ, പ്രമേഹ പാദരക്ഷകൾ, ഗ്ലൂക്കോമീറ്റർ/തെർമോമീറ്റർ, ഇതിനെത്തുടർന്ന് വീട്ടിൽ ഉപയോഗിക്കുന്ന ഏതെങ്കിലും മെഡിക്കൽ ഉപകരണങ്ങൾ. • ഒപിഡി ചികിൽസ ഇതിൽ ഉൾപ്പെടുന്നില്ല. • ഇനോകുലേഷൻ, ഇമ്മ്യൂണൈസേഷൻ എന്നിവ ഉൾപ്പെടെയുള്ള എല്ലാ പ്രതിരോധ ശുശ്രൂഷയും വാക്സിനേഷനും. • ആത്മഹത്യാശ്രമം ഉൾപ്പെടെ മനഃപൂർവ്വം സ്വയമായി വരുത്തിവച്ച ക്ഷതത്തിനായി ഉള്ളതോ അത് കാരണമായി ഉണ്ടാകുന്നതോ ആയ ചികിൽസ. • ലൈംഗിക ശേഷിയില്ലായ്മ (എന്ത് കാരണത്താലായാലും) അല്ലെങ്കിൽ ഉദ്ധാരണക്കുറവ് ഉൾപ്പെടെയുള്ള ഏതെങ്കിലും ലൈംഗിക പ്രശ്നത്തിനുള്ള ചികിൽസ. • എച്ച്ഐവി/എയ്ഡ്സ് ഒഴികെ, ജനനേന്ദ്രിയ ഭാഗങ്ങളിലെ കുരുക്കൾ, സിഫിലിസ്, ഗൊണോറിയ, ജനനേന്ദ്രിയ ഭാഗങ്ങളിലെ കുമിളിപ്പുകളും വ്രണങ്ങളും, ക്ലമൈഡിയ, പ്യൂബിക് ലൈസ്, ട്രൈക്കോമോണിയാസിസ് എന്നിവയുൾപ്പെടെയുള്ള ഏതെങ്കിലും ലൈംഗിക രോഗങ്ങൾക്കുള്ള ചികിൽസ. • സ്ലീപ് അപ്നിയ, കൂർക്കംവലി, അല്ലെങ്കിൽ ഉറക്കവുമായി ബന്ധപ്പെട്ട മറ്റേതെങ്കിലും ശ്വസന പ്രശ്നങ്ങൾ എന്നിവയ്ക്കുള്ള ചികിൽസ. • ഇന്ത്യയ്ക്ക് പുറത്ത് ലഭിക്കുന്ന ഏതെങ്കിലും ചികിൽസ. • ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അംഗീകരിക്കാത്ത ഒരു വൈദ്യ ചികിൽസകൻ നൽകുന്ന ചികിൽസ. • ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ അതേ വീട്ടിൽ താമസിക്കുന്ന ഒരു വ്യക്തിയോ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ അടുത്ത ബന്ധത്തിലുള്ള കുടുംബാംഗമോ നൽകുന്ന ചികിൽസ. • ആശുപത്രി വാസം ആവശ്യമാണെങ്കിലും അല്ലെങ്കിലും, എക്സ്-റേ അല്ലെങ്കിൽ ലബോറട്ടറി പരിശോധനകൾ അല്ലെങ്കിൽ മറ്റ് ഡയഗ്നോസ്റ്റിക് പഠനങ്ങൾ ഏതെങ്കിലും രോഗത്തിന്റേയോ ക്ഷതത്തിന്റേയോ പോസിറ്റീവ് ആയി നിലനിൽക്കുന്ന സ്ഥിതിയുടേയും സാന്നിദ്ധ്യത്തിന്റെയും, രോഗനിർണ്ണയത്തോടും ചികിൽസയോടും പൊരുത്തപ്പെടുകയോ ബന്ധപ്പെട്ടിരിക്കുകയോ ചെയ്യാതിരിക്കുന്നു. • ഏതെങ്കിലും തരത്തിലുള്ള വേഗതാടിസ്ഥാനത്തിലുള്ള (സ്വന്തം കാലുകൾ കൊണ്ടുള്ളതല്ലാത്തത്) മൽസരം, അല്ലെങ്കിൽ റേസിംഗ്, ബൻജീ ജംപിംഗ്, പാരാസെയിലിംഗ്, ബലൂണിംഗ്, പാരച്യൂട്ടിംഗ്, സ്കൈഡൈവിംഗ്, പാരാഗ്ലൈഡിംഗ്, ഹാംഗ് ഗ്ലൈഡിംഗ്, ഗൈഡുകളുടെയോ കയറുകളുടെയോ സഹായം ആവശ്യമായി വരുന്ന പർവതാരോഹണം അല്ലെങ്കിൽ മല കയറ്റം, ഭൂമിക്കടിയിലെ ഗുഹകളിലൂടെയുള്ള സഞ്ചാരം, സാഹസിക മലയിറക്കം, ഹാർഡ് ഹെൽമെറ്റും ശ്വസന ഉപകരണവും ഉപയോഗിച്ചുള്ള ആഴക്കടൽ ഡൈവിംഗ്, പോളോ, ഹിമ, മഞ്ഞ് കായിക വിനോദങ്ങൾ അല്ലെങ്കിൽ നാവിക സൈനിക അല്ലെങ്കിൽ വ്യോമസേന പ്രവർത്തനം എന്നിവയിൽ ഏർപ്പെടുന്നതിന്റെ പരിണിത ഫലമായ ഏതെങ്കിലും ചികിൽസ. • ഒരു സാധാരണ ഷെഡ്യൂൾഡ് എയർലൈനിലോ എയർ ചാർട്ടർ കമ്പനിയിലോ യാത്രാക്കൂലി നൽകി യാത്ര ചെയ്യുന്നത് ഒഴികെ, ആകാശപ്പറക്കലിലോ ആകാശത്തിൽ നടത്തുന്ന പ്രവർത്തികളിലോ (ക്യാബിൻ ഉൾപ്പെടെ) ഏർപ്പെടുന്നതിന്റെ പരിണിത ഫലമായി ഉണ്ടാകുന്ന ഏതെങ്കിലും ചികിൽസ.	

ക്രമ. നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		കാരുണ്യാടിസ്ഥാനത്തിലുള്ള ആനുകൂല്യത്തിന്റെ വിഭാഗത്തിൽ വ്യക്തമാക്കിയിട്ടുള്ള ആനുകൂല്യവുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന ഒഴിവാക്കലുകൾ ബാധകമായിരിക്കും. താഴെപ്പറയുന്നവയുമായി ബന്ധപ്പെട്ട ഏതെങ്കിലും ക്ഷതത്തിന്റെ ഫലമായുണ്ടാകുന്ന മരണം, വൈകല്യം, ചെലവുകൾ അല്ലെങ്കിൽ നഷ്ടം എന്നിവയ്ക്ക് ഈ പോളിസി ആനുകൂല്യങ്ങൾ നൽകുന്നില്ല: • മദ്യത്തിന്റെ ദുരുപയോഗം അല്ലെങ്കിൽ തെറ്റായ ഉപയോഗം ഉൾപ്പെടെയുള്ള ഏതെങ്കിലും തരത്തിലുള്ള ലഹരിവസ്തുക്കളുടെ ദുരുപയോഗം മൂലം ഉണ്ടാകുന്ന ആസക്തി രൂപപ്പെടുന്ന അവസ്ഥകളുമായും വൈകല്യങ്ങളുമായും ബന്ധപ്പെട്ട ക്ഷതം അല്ലെങ്കിൽ ചികിൽസ. • അപകടകരമായ പ്രവർത്തികളിലെ പങ്കാളിത്തം. • ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി ക്രിമിനൽ ഉദ്ദേശ്യത്തോടെ എന്തെങ്കിലും നിയമലംഘനം നടത്തുന്നു അല്ലെങ്കിൽ ഏതെങ്കിലും കലാപങ്ങളിലോ ആഭ്യന്തര ലഹളയിലോ കുറ്റകൃത്യത്തിലോ പങ്കെടുക്കുന്നു. • മനഃപൂർവ്വം സ്വയം മുറിവേൽപ്പിക്കൽ, ആത്മഹത്യ അല്ലെങ്കിൽ ആത്മഹത്യാശ്രമം, മാനസിക നില തെറ്റൽ അല്ലെങ്കിൽ മനോസമ്മർദ്ദം. • നേരിട്ടുള്ളതും പൂർണ്ണമായും അപകടം മൂലവും ഉണ്ടാകുന്നതല്ലാതെ, ഏതെങ്കിലും രോഗമോ അണുബാധയോ മൂലമുണ്ടാകുന്ന രോഗാവസ്ഥ. • പോളിസി ആരംഭിച്ചതിന് ശേഷമുള്ള അപകടസാദ്ധ്യത വർദ്ധിക്കുന്നതിന് കാരണമായ വിധത്തിൽ തൊഴിലിൽ ഉണ്ടാകുന്ന ഏതെങ്കിലും മാറ്റം, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി പ്രസ്താവിക്കുകയും ഞങ്ങൾ സ്വീകരിക്കുകയും/അംഗീകരിക്കുകയും ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ. • ലൈംഗികമായി പകരുന്ന ഏതെങ്കിലും രോഗം. • ഗർഭധാരണം അല്ലെങ്കിൽ പ്രസവവുമായി ബന്ധപ്പെട്ടതോ അതുമായി ബന്ധം കണ്ടെത്താവുന്നതോ ആയവ. • ലോകത്തെ ഏതെങ്കിലും ഷെഡ്യൂൾ ചെയ്ത എയർലൈനുകളിലെയോ ഷെഡ്യൂൾ ചെയ്ത എയർലൈനുകൾ പ്രവർത്തിപ്പിക്കുന്നതോ സ്വകാര്യ ഉടമസ്ഥതയിലുള്ളതോ ആയ ചാർട്ടേഡ് ചെയ്ത ഏതെങ്കിലും വിമാനത്തിലെയോ ഒരു യാത്രക്കാരനായിട്ടല്ലാതെ (യാത്രക്കൂലി നൽകിക്കൊണ്ട് അല്ലെങ്കിൽ മറ്റേതെങ്കിലും വിധത്തിൽ), ഏതെങ്കിലും ബലൂണിലോ വിമാനത്തിലോ കയറുമ്പോഴോ ഇറങ്ങുമ്പോഴോ യാത്ര ചെയ്യുമ്പോഴോ. • ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി ഏതെങ്കിലും വിമാനം പറത്തുകയോ പറത്തുന്നതിനായി പഠിക്കുകയോ ചെയ്യുന്നതോ അല്ലെങ്കിൽ ഏതെങ്കിലും വിമാനത്തിലോ ഷെഡ്യൂൾ ചെയ്ത എയർലൈനുകളിലോ ക്രൂ അംഗമായി അല്ലെങ്കിൽ എയർലൈൻ ജീവനക്കാരനായി ചുമതലകൾ നിർവഹിക്കുന്നതേ ആയ സാഹചര്യങ്ങളിൽ. • യുദ്ധം അല്ലെങ്കിൽ യുദ്ധം പോലെയുള്ള ഓപ്പറേഷനുകൾ, ആഭ്യന്തരയുദ്ധം, അധിനിവേശം, വിദേശ ശത്രുക്കളുടെ ഇടപെടൽ, വിപ്ലവം, കലാപം, ലഹള, ഭീകരവാദം, സൈനികമായ രീതിയിലോ അട്ടിമറിയിലൂടെയോ അധികാരം, പിടിച്ചെടുക്കൽ, പിടികൂടൽ, അറസ്റ്റ്, നിയന്ത്രണം, അല്ലെങ്കിൽ തടങ്കലിൽ വയ്ക്കൽ, കണ്ടുകെട്ടൽ, അല്ലെങ്കിൽ ഏതെങ്കിലും സർക്കാരിന്റെയോ പൊതു അധികൃതരുടെയോ ഉത്തരവ് പ്രകാരം അല്ലെങ്കിൽ അതിനു കീഴിൽ സ്വകാര്യ സ്വത്ത് പൊതു മുതലാക്കി മാറ്റൽ അല്ലെങ്കിൽ സ്വകാര്യ ഉടമസ്ഥതയിലുള്ളവ ആവശ്യപ്പെടൽ. • നഷ്ടം സംഭവിക്കുന്നതിന് ഒരേസമയം തന്നെ അല്ലെങ്കിൽ മറ്റേതെങ്കിലും സമയക്രമങ്ങളിൽ കാരണമാകുന്ന മറ്റേതെങ്കിലും കാരണമായാലും സംഭവം ആയാലും അവ കണക്കിലെടുക്കാതെ, ആണവ, രാസ, ജൈവീക ഭീകര പ്രവർത്തനവുമായി ബന്ധപ്പെട്ട ഏതെങ്കിലും ഒരു നടപടി. • റേഡിയോ ആക്ടീവ്, കെമിക്കൽ, ന്യൂക്ലിയർ മലിനീകരണം, അല്ലെങ്കിൽ അയോണൈസിംഗ് റേഡിയേഷൻ.	

ക്രമ. നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		• ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ നാവിക, വ്യോമസേന അല്ലെങ്കിൽ സൈനിക പ്രവർത്തനങ്ങളുടെ ഏതെങ്കിലും ശാഖയിലോ ഏതെങ്കിലും അർദ്ധസൈനിക സേനയിലോ ഉള്ള എന്തെങ്കിലും പങ്കാളിത്തമോ ഇടപെടലോ. • ഭൂഗർഭ ഖനികളിൽ ജോലി ചെയ്യുക, തുരങ്കങ്ങൾ സ്ഥാപിക്കുന്ന ജോലിയിലേർപ്പെടുക, സ്ഫോടകവസ്തുക്കൾ കൈകാര്യം ചെയ്യൽ, ഉയർന്ന വോട്ടേജ് പ്രവഹിക്കുന്ന വൈദ്യുത ഇൻസ്റ്റലേഷൻ ജോലിയിൽ ഏർപ്പെടുക, അല്ലെങ്കിൽ ജോക്കികളായോ സർക്കസ് ജീവനക്കാരായോ ജോലി ചെയ്യുക, അല്ലെങ്കിൽ അപകടകരമായ പ്രവർത്തനങ്ങളിൽ ഏർപ്പെടുക. • ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി വെളിപ്പെടുത്തിയിട്ടുള്ള നിലവിലുള്ള രോഗങ്ങൾ (ചാപ്റ്റർ IV, ആരോഗ്യ ഇൻഷുറൻസ് കരാറുകളിലെ ഒഴിവാക്കലുകളുടെ സ്റ്റാൻഡേർഡൈസേഷനെക്കുറിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, 2019 അനുസരിച്ച്); ഇത് അണ്ടർറൈറ്റിംഗിൽ ബാധകമാക്കപ്പെടുകയും നിങ്ങൾ/ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തി സമ്മതം നൽകുകയും ചെയ്തിട്ടുള്ള പക്ഷം. **ശ്രദ്ധിക്കുക:** മുകളിൽ പരാമർശിച്ചിരിക്കുന്നത് പോളിസി ഒഴിവാക്കലുകളുടെ ഭാഗിക പട്ടികയാണ്. ഒഴിവാക്കലുകളുടെ പൂർണ്ണമായ പട്ടികയ്ക്കായി ദയവായി പോളിസി വാചകങ്ങൾ വായിച്ചു നോക്കുക.	
7	**കാത്തിരിപ്പ് കാലയളവ്**	• **ആദ്യത്തെ മുപ്പത് ദിവസത്തെ കാത്തിരിപ്പ് കാലയളവ് (കോഡ്- Excl03):** എല്ലാ രോഗങ്ങൾക്കും 30 ദിവസം (തുടർച്ചയായ പുതുക്കൽ അല്ലെങ്കിൽ അപകടങ്ങളുടെ കാര്യത്തിൽ ബാധകമല്ല) • **നിർദ്ദിഷ്ട കാത്തിരിപ്പ് കാലയളവ്:** 24 മാസം (അപകടം മൂലമുണ്ടാകുന്ന ക്ലെയിമുകൾക്ക് ബാധകമല്ല) • **മുൻപേ തന്നെയുള്ള രോഗങ്ങൾ (കോഡ്- Excl01):** 36 മാസത്തിനുശേഷം പരിരക്ഷ നൽകിത്തുടങ്ങുന്നു • **പ്രസവ ആശുപത്രി ക്യാഷ്:** 24 മാസത്തിനുശേഷം പരിരക്ഷ നൽകിത്തുടങ്ങുന്നു	വിഭാഗം 3
8	**കവറേജിന്റെ സാമ്പത്തിക പരിധികൾ**	• ഡിഡക്ടബിൾ ദിനങ്ങൾ XXXXX ഇൻഷുറൻസ് പരിരക്ഷ എടുത്ത വ്യക്തി വഹിക്കണം	
9	**ക്ലെയിമുകൾ/ക്ലെയിമുകളുടെ നടപടിക്രമം**	**ക്ലെയിമുള്ള ചികിൽസയുടെ അറിയിക്കൽ:** ഞങ്ങളെ ഇനിപ്പറയുന്ന വിധത്തിൽ അറിയിക്കേണ്ടതാണ്: 1) ക്ലെയിം ഉന്നയിച്ചേക്കാവുന്നതും ചികിൽസയ്ക്ക് വേണ്ടി ആസൂത്രിതമായ ആശുപത്രി വാസം ആവശ്യമുള്ളതുമായ ഏതെങ്കിലും ചികിൽസയുടെ സാഹചര്യത്തിൽ: ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയെ ആശുപത്രിയിൽ പ്രവേശിപ്പിക്കുന്നതിന് ഏറ്റവും കുറഞ്ഞത് 48 മണിക്കൂർ മുൻപായി. 2) ക്ലെയിം ഉന്നയിച്ചേക്കാവുന്നതും ചികിൽസയ്ക്ക് വേണ്ടി അടിയന്തിര ആശുപത്രി പ്രവേശനം ആവശ്യമുള്ളതുമായ ഏതെങ്കിലും ചികിൽസയുടെ സാഹചര്യത്തിൽ: ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ച് 24 മണിക്കൂറിനുള്ളിൽ ആവശ്യമായ സമയത്തിനുള്ളിൽ അത്തരത്തിൽ അറിയിക്കാതിരുന്നാൽ, അത്തരം കാലയളവിനുള്ളിൽ അത്തരം കാലതാമസത്തിന് തെളിവ് നൽകാൻ നിങ്ങൾക്ക് ന്യായമായും സാദ്ധ്യമല്ലെന്ന് ഞങ്ങളെ ബോധ്യപ്പെടുത്താൻ കഴിയുമെങ്കിൽ. ഏതെങ്കിലും ക്ലെയിം അസാധുവാക്കപ്പെടുകയോ കുറയ്ക്കുകയോ ചെയ്യുന്നില്ല, പ്രത്യേക സാഹചര്യങ്ങളിലും ഇൻഷുറൻസ് പരിരക്ഷയുള്ളയാളുടെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാലും മാത്രമേ കമ്പനിക്ക് ഈ സമയപരിധികളിൽ ഇളവ് നൽകാൻ കഴിയൂ. • https://www.magmainsurance.com/web/magmainsurance/downloads-ൽ നിന്ന് ക്ലെയിം ഡൗൺലോഡ് ചെയ്യാവുന്നതാണ്. **ക്ലെയിം സമർപ്പിക്കൽ:** ഇൻഷുറൻസ് പരിരക്ഷ എടുത്ത വ്യക്തി പ്രസക്തമായ എല്ലാ ക്ലെയിം രേഖകളും സമർപ്പിക്കണം, കൂടാതെ ക്ലെയിമുകൾ, സാഹചര്യത്തിനനുസരിച്ച്, അറിയിക്കുന്ന (ആവശ്യമായ രേഖകൾക്കൊപ്പം) തീയതി മുതൽ 15 ദിവസത്തിനുള്ളിൽ തീർപ്പാക്കുകയോ നിരസിക്കുകയോ ചെയ്യും. **ക്ലെയിം രേഖകൾ:** • കൃത്യമായി പൂരിപ്പിച്ച് ഒപ്പിട്ട ക്ലെയിം ഫോം (https://www.magmainsurance.com/downloads-ൽ നിന്ന് ഡൗൺലോഡ് ചെയ്യാം)	വിഭാഗം 5.3

ക്രമ. നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		• ഡിസ്ചാർജ് സംക്ഷേപത്തിന്റെ പകർപ്പ് • ആശുപത്രി ബില്ലിന്റെ വിവിധ ചാർജുകൾ വേറെ വേറെയായി കാണിക്കുന്ന പകർപ്പ് • പോളിസി ഉടമയുടെയോ നോമിനിയുടെയോ റദ്ദാക്കിയ ചെക്കിന്റെ പകർപ്പ് (മരണമടഞ്ഞുവെങ്കിൽ, പേര് അച്ചടിച്ചത്) • കെവൈസി (സർക്കാർ അംഗീകൃത ഫോട്ടോ തിരിച്ചറിയൽ രേഖയും മേൽവിലാസം തെളിയിക്കൽ രേഖയും) • ക്ലെയിം പ്രോസസ്സ് ചെയ്യുമ്പോൾ ആവശ്യമായ മറ്റ് രേഖകൾ. **കാരുണ്യാടിസ്ഥാനത്തിലുള്ള ആനുകൂല്യം:** **അപകട മരണം:** • ക്ലെയിം ഫോം • മരണ സർട്ടിഫിക്കറ്റ് • ഒറിജിനൽ ബില്ലുകൾക്കൊപ്പം അന്വേഷണ റിപ്പോർട്ടുകൾ • എഫ്ഐആർ പകർപ്പ്, പോസ്റ്റ്മോർട്ടം പകർപ്പ് • ഇൻഷുറൻസ് പരിരക്ഷയുള്ളയാളുടെയും നോമിനിയുടെയും തിരിച്ചറിയൽ രേഖ • പാൻ കാർഡ്/ ഫോം 60, സികെവൈസി ഫോം, നോമിനിയുടെ മേൽവിലാസം തെളിയിക്കൽ രേഖ • പേര് അച്ചടിച്ച റദ്ദാക്കിയ ചെക്കിന്റെ പകർപ്പ് • ഒരു ആശുപത്രിയിൽ നിന്നോ വൈദ്യ ചികിൽസകനിൽ നിന്നോ മറ്റു തരത്തിലോ ഞങ്ങൾ ആവശ്യപ്പെടുന്ന മെഡിക്കൽ രേഖകൾ, വിവരങ്ങൾ, തെളിവുകൾ എന്നിവ • നിങ്ങളുടെ ചെലവിൽ നിങ്ങൾ നൽകേണ്ടതാണ്. (ചില സാഹചര്യങ്ങളിൽ ആവശ്യമായി വന്നേക്കാം) **സ്ഥിരമായ പൂർണ്ണ ശാരീരിക വൈകല്യം:** • കൃത്യമായി പൂരിപ്പിച്ച് ഒപ്പു വെച്ച ക്ലെയിം ഫോം • പരിക്കേറ്റയാളുടെയും ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടേയും പാൻ കാർഡ് പകർപ്പ്/ആധാർ കാർഡ് പകർപ്പ് • ശാരീരിക വൈകല്യം സ്ഥിരീകരിച്ചു കൊണ്ട്, ചികിൽസിക്കുന്ന ഡോക്ടർ നൽകുന്ന മെഡിക്കൽ സർട്ടിഫിക്കറ്റ് • പരിക്ക് കാണിക്കുന്ന ഫോട്ടോഗ്രാഫുകൾ. • എക്സ്-റേ ഫിലിം സഹിതമുള്ള എല്ലാ മെഡിക്കൽ പേപ്പറുകളും അടക്കമുള്ള ഡിസ്ചാർജ് സംക്ഷേപത്തിന്റെ അസ്സൽ പകർപ്പ് • എൻഇഎഫ്ടി വിശദാംശങ്ങൾ (റദ്ദാക്കിയ ചെക്കിന്റെ പകർപ്പ്) • എല്ലാ മെഡിക്കൽ ബില്ലുകളും അസ്സൽ രൂപത്തിൽ പേയ്മെന്റ് തെളിവുകൾക്കൊപ്പം ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയാണ് മെഡിക്കൽ ചെലവുകൾ വഹിക്കുന്നതെങ്കിൽ, ക്യാഷ് വൗച്ചറുകൾ, ലെഡ്ജർ ഷീറ്റ് തുടങ്ങിയ ആവശ്യമായ തെളിവുകൾ ദയവായി നൽകുക. • എഫ്ഐആർ പകർപ്പ്, എന്തെങ്കിലും ഉണ്ടെങ്കിൽ • കൃത്യമായി പൂരിപ്പിച്ച സികെവൈസി ഫോം ആശുപത്രി പ്രവേശനത്തിന് മുൻപുള്ള ചെലവുകൾക്കായി: മുകളിൽ സൂചിപ്പിച്ച ക്ലെയിം രേഖകൾക്ക് പുറമേ, • ആശുപത്രി വാസത്തിന് മുൻപും ശേഷവുമുള്ള ചെലവുകളുടെ ബില്ലുകൾ **ആരോഗ്യ പരിപാലന ആനുകൂല്യം:** • നേത്രരോഗവിദഗ്ദ്ധൻ: കൺസൾട്ടേഷൻ പേപ്പറുകൾ, എല്ലാ രോഗനിർണ്ണയ പര റിപ്പോർട്ടുകളും ചികിൽസാ ബില്ലുകളും • ഓർത്തോപീഡിക്: കൺസൾട്ടേഷൻ പേപ്പറുകൾ, എല്ലാ രോഗനിർണ്ണയ റിപ്പോർട്ടുകളും ചികിൽസാ ബില്ലുകളും • ഫിസിയോതെറാപ്പി: കൺസൾട്ടേഷൻ പേപ്പറുകളും ചികിൽസാ ബില്ലുകളും	

ക്രമ. നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		ക്ലെയിം രേഖകൾ സമർപ്പിക്കേണ്ട വിലാസം: ഫാമിലി ഹെൽത്ത് പ്ലാൻ ഇൻഷുറൻസ് ടിപിഎ ലിമിറ്റഡ് ശ്രീനിലയ സൈബർ സ്പേസിയോ, ഗ്രൗണ്ട് ഫ്ലോർ, റോഡ് നമ്പർ 2, ബഞ്ചാര ഹിൽസ്, ഹൈദരാബാദ്, തെലങ്കാന 500034 ക്ലെയിം സംബന്ധിച്ച സഹായത്തിനായി ടോൾ ഫ്രീ നമ്പർ 1800 266 3202	
10	**പോളിസി സർവീസിംഗ്**	**കമ്പനി ഉദ്യോഗസ്ഥർ:** ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് ഏതെങ്കിലും വിധത്തിലുള്ള പരാതിയുണ്ടായാൽ, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് ഞങ്ങളെ ബന്ധപ്പെടാം: **ഇമെയിൽ:** Gro@magmainsurance.com **ഞങ്ങളെ വിളിക്കുക:** 1800 266 3202 **മേൽവിലാസം:** ഇക്വിനോക്സ് ബിസിനസ് പാർക്ക്, ടവർ 3, അംബേദ്ക്കർ നഗർ, രണ്ടാം നില, യൂണിറ്റ് നമ്പർ 1ബി & 2ബി, എൽബിഎസ് മാർഗ്, കുർള (വെസ്റ്റ്), മുംബൈ 400070, മഹാരാഷ്ട്ര, ഇന്ത്യ	വിഭാഗം 4.1.16
11	**ആവലാതികളും പരാതികളും**	ഏതെങ്കിലും ആവലാതി ഉണ്ടെങ്കിൽ, മുതിർന്ന പൗരൻമാർ ഉൾപ്പെടെ, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തികൾക്ക് വെബ്സൈറ്റ് വഴി കമ്പനിയുമായി ബന്ധപ്പെടാം: www.magmainsurance.com ടോൾ ഫ്രീ: 1800 266 3202 **ഇ-മെയിൽ:** Gro@magmainsurance.com **ഫാക്സ്:** 91 033 4401 7471 **കൊറിയർ:** ബിസിനസ് സമയങ്ങളിൽ ഞങ്ങളുടെ ഏതെങ്കിലും ബ്രാഞ്ച് ഓഫീസുകളിലോ കോർപ്പറേറ്റ് ഓഫീസിലോ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് പരാതിയുടെ വിശദാംശങ്ങളുമായി കമ്പനിയുടെ ഏതെങ്കിലും ശാഖകളിലെ പരാതി സെല്ലിനെ സമീപിക്കാവുന്നതാണ്. മുകളിൽ പരാമർശിച്ച ഏതെങ്കിലും രീതിയിലൂടെയുള്ള പരാതി പരിഹാരത്തിൽ ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് തൃപ്തിയില്ലെങ്കിൽ, ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിക്ക് പരാതി പരിഹാര ഓഫീസറെ ഇനിപ്പറയുന്ന മേൽ വിലാസത്തിൽ ബന്ധപ്പെടാവുന്നതാണ്: ഇക്വിനോക്സ് ബിസിനസ് പാർക്ക്, ടവർ 3, അംബേദ്ക്കർ നഗർ, രണ്ടാം നില, യൂണിറ്റ് നമ്പർ 1ബി & 2ബി, എൽബിഎസ് മാർഗ്, കുർള (വെസ്റ്റ്), മുംബൈ 400070, മഹാരാഷ്ട്ര, ഇന്ത്യ പരാതി പരിഹാര ഓഫീസറുടെ പുതുക്കിയ വിശദാംശങ്ങൾക്ക്, ദയവായി https://www.magmainsurance.com/grievance- redressal എന്ന ലിങ്ക് കാണുക. നൽകപ്പെട്ട പരിഹാരത്തിൽ നിങ്ങൾക്ക് തൃപ്തിയില്ലെങ്കിൽ, ഐആർഡിഎഐ-യുടെ ഓൺലൈൻ പോർട്ടലായ Bima Bharosa System - https://bimabharosa.irdai.gov.in/-ൽ നേരിട്ട് പരാതി രജിസ്റ്റർ ചെയ്യാം. തീരുമാനത്തിൽ/പരിഹാരത്തിൽ നിങ്ങൾക്ക് അപ്പോഴും തൃപ്തിയില്ലെങ്കിൽ, പരാതി ഫയൽ ചെയ്ത തീയതി മുതൽ 30 ദിവസത്തെ നിശ്ചിത കാലയളവ് കഴിഞ്ഞാൽ നിങ്ങൾക്ക് ഇൻഷുറൻസ് ഓംബുഡ്സ്മാന്റെ ഓഫീസിനെ സമീപിക്കാം. അപ്ഡേറ്റ് ചെയ്ത സ്റ്റാറ്റസിനായി, ദയവായി www.irdai.gov.in അല്ലെങ്കിൽ https://www.cioins.co.in എന്ന വെബ്സൈറ്റുകൾ സന്ദർശിക്കുക. ഇൻഷുറൻസ് ഓംബുഡ്സ്മാൻ ഓഫീസുകളുടെ സമ്പർക്ക വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. ഐആർഡിഎഐ ഇന്റഗ്രേറ്റഡ് ഗ്രീവൻസ് മാനേജ്മെന്റ് സിസ്റ്റത്തിലും പരാതി സമർപ്പിക്കാം: https://bimabharosa.irdai.gov.in	വിഭാഗം 4.1.16
12	**ഓർമ്മിക്കേണ്ട കാര്യങ്ങൾ**	**ഫ്രീ ലുക്ക്:** ഈ പോളിസിയുടെ നിബന്ധനകളും വ്യവസ്ഥകളും അവലോകനം ചെയ്യുന്നതിന് വേണ്ടി നിങ്ങൾക്ക് പോളിസി പ്രമാണം ലഭിച്ച തീയതി മുതൽ 30 ദിവസത്തെ സമയമുണ്ട്. **പോളിസി പുതുക്കൽ:** ഇൻഷുറൻസ് പരിരക്ഷയുള്ള വ്യക്തിയുടെ തെളിയിക്കപ്പെട്ട തട്ടിപ്പ്, വിവരങ്ങൾ വെളിപ്പെടുത്താതിരിക്കൽ അല്ലെങ്കിൽ തെറ്റിദ്ധാരണാജനകമായ വിവരങ്ങൾ നൽകൽ എന്നീ സാഹചര്യങ്ങളിൽ ഒഴികെ പോളിസി സാധാരണയായി പുതുക്കാവുന്നതാണ്.	വിഭാഗം 4.1.15 വിഭാഗം 4.1.10

ക്രമ. നമ്പർ	ടൈറ്റിൽ	വിവരണം	പോളിസി ക്ലോസ് നമ്പർ
		മൈഗ്രേഷനും പോർട്ടബിലിറ്റിയും: മറ്റൊരു കമ്പനിയിൽ നിന്ന് നിങ്ങൾക്ക് നിലവിലുള്ള ആരോഗ്യ ഇൻഷുറൻസ് പോളിസിയിൽ നിന്നോ മാഗ്മ ജനറൽ ഇൻഷുറൻസിന്റെ നിലവിലുള്ള ഉൽപ്പന്നത്തിൽ നിന്നോ നിങ്ങൾക്ക് മൈഗ്രേറ്റ് ചെയ്യാനോ പോർട്ട് ചെയ്യാനോ കഴിയും.	വിഭാഗം 5.2
		ഇൻഷുറൻസ് പരിരക്ഷയുടെ മൊത്തം തുകയിലെ മാറ്റം: പോളിസി പുതുക്കുന്ന സമയത്ത് അല്ലെങ്കിൽ ഏതെങ്കിലും സമയത്ത് കമ്പനിയുടെ അണ്ടർറൈറ്റിംഗിന് വിധേയമായി മാത്രമേ ഇൻഷുറൻസ് പരിരക്ഷയുടെ മൊത്തം തുക വ്യതിയാനപ്പെടുത്തുന്നതിന് (വർദ്ധിപ്പിക്കുന്നതിനോ/കുറയ്ക്കുന്നതിനോ) കഴിയൂ. എസ്ഐ വർദ്ധിപ്പിക്കുന്നുവെങ്കിൽ, കാത്തിരിപ്പ് കാലയളവ് എന്തെങ്കിലും ഉണ്ടെങ്കിൽ, ഇൻഷുറൻസ് പരിരക്ഷയുടെ മൊത്തം തുകയുടെ വർദ്ധിപ്പിച്ച ഭാഗത്തിന് മാത്രമേ ഈ കാത്തിരിപ്പ് കാലയളവ് പുതിയതായി ബാധകമാക്കപ്പെടുകയുള്ളൂ.	വിഭാഗം 4.1.8 & 4.1.9
		മൊറട്ടോറിയം കാലയളവ്: ആരോഗ്യ ഇൻഷുറൻസ് പോളിസിയിൽ തുടർച്ചയായി അറുപത് മാസത്തെ പരിരക്ഷ (പോർട്ടബിലിറ്റിയും മൈഗ്രേഷനും ഉൾപ്പെടെ) പൂർത്തിയാക്കിയ ശേഷം, തട്ടിപ്പ് തെളിയിക്കപ്പെടുന്ന ഒരു സാഹചര്യത്തിലൊഴികെ, വിവരങ്ങൾ വെളിപ്പെടുത്താതിരിക്കൽ അല്ലെങ്കിൽ തെറ്റിദ്ധാരണാജനകമായ വിവരങ്ങൾ നൽകൽ എന്നിവയുടെ അടിസ്ഥാനത്തിൽ ഇൻഷുറൻസ് ദാതാവിന് ഒരു പോളിസിയ്ക്കും ക്ലെയിമിനും എതിരേ തർക്കമുന്നയിക്കുവാൻ കഴിയുന്നതല്ല. തുടർച്ചയായ അറുപത് മാസത്തെ ഈ കാലയളവിനെ മൊറട്ടോറിയം കാലയളവ് എന്ന് വിളിക്കുന്നു. ആദ്യ പോളിസിയുടെ ഇൻഷുറൻസ് പരിരക്ഷയുടെ മൊത്തം തുകകൾക്ക് മൊറട്ടോറിയം ബാധകമാകും. ഇൻഷുറൻസ് പരിരക്ഷയുടെ മൊത്തം തുക വർദ്ധിപ്പിക്കുമ്പോഴെല്ലാം, വർദ്ധിപ്പിക്കുന്ന തീയതി മുതൽ, വർദ്ധിപ്പിച്ച തുകയുടെ പരിധികൾക്ക് മാത്രം തുടർച്ചയായ അറുപത് മാസത്തെ പൂർത്തീകരണം എന്ന വ്യവസ്ഥ ബാധകമായിരിക്കും.	വിഭാഗം 4.1.12
13	**നിങ്ങളുടെ ഉത്തരവാദിത്തം**	• **വിവരങ്ങൾ വെളിപ്പെടുത്തൽ:** പോളിസി ഉടമ തെറ്റിദ്ധാരണാജനകമായ വിവരങ്ങൾ നൽകുകയോ വിവരങ്ങൾ തെറ്റായി നൽകുകയോ വെളിപ്പെടുത്താതിരിക്കൽ അല്ലെങ്കിൽ അല്ലെങ്കിൽ ഏതെങ്കിലും നിർണ്ണായക വസ്തുതകൾ വെളിപ്പെടുത്താതിരിക്കുകയോ ചെയ്താൽ പോളിസി അസാധുവാകുകയും അതിനായി അടച്ച എല്ലാ പ്രീമിയവും കമ്പനിക്ക് അടിയറ വെക്കുകയും ചെയ്യും. (വിശദീകരണം: ഈ പോളിസിയുടെ ഉദ്ദേശ്യത്തിനായി "നിർണ്ണായക വസ്തുതകൾ" എന്നത് അർത്ഥമാക്കുന്നത്, അപകടസാദ്ധ്യത അണ്ടർറൈറ്റ് ചെയ്യുന്ന സാഹചര്യത്തിൽ വിവരങ്ങൾ പൂർണ്ണമായി മനസ്സിലാക്കിക്കൊണ്ടുള്ള ഒരു തീരുമാനം എടുക്കാൻ കഴിയുന്നതിന് കമ്പനിയെ പ്രാപ്തമാക്കുന്നതിനായി, പ്രൊപ്പോസൽ ഫോമിലും മറ്റ് അനുബന്ധ രേഖകളിലും കമ്പനി ആവശ്യപ്പെടുന്ന എല്ലാ പ്രസക്ത വിവരങ്ങളുമാണ്). • ഒരു പോളിസി വാങ്ങുന്നതിന് മുൻപ് ഇപ്പോഴുള്ള എല്ലാ രോഗങ്ങളെക്കുറിച്ച് അല്ലെങ്കിൽ രോഗസ്ഥിതികളെക്കുറിച്ച് ദയവായി വെളിപ്പെടുത്തുക. വിവരങ്ങൾ വെളിപ്പെടുത്താതിരിക്കുന്നത് ക്ലെയിം സെറ്റിൽമെന്റിനെ ബാധിച്ചേക്കാം.	വിഭാഗം 4.1.1

നിയമപര നിരാകരണ കുറിപ്പ്: വിവരങ്ങൾ ഉൽപ്പന്ന ബ്രോഷറിനും പോളിസി രേഖയ്ക്ക് ഒപ്പം വായിക്കേണ്ടതാണ്. സിഐഎസ്-ഉം പോളിസി രേഖയും തമ്മിൽ എന്തെങ്കിലും വൈരുദ്ധ്യമുണ്ടായാൽ, പോളിസി രേഖയിൽ പരാമർശിച്ചിരിക്കുന്ന നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അന്തിമ സാധുതയുണ്ടായരിക്കും. നിലനിൽക്കും. ഈ ലിങ്കിൽ രേഖകൾ വായിക്കാവുന്നതാണ്. https://www.magmahdi.com/downloads

പോളിസി ഉടമയുടെ സത്യപ്രസ്താവന:

മുകളിൽ നൽകിയിരിക്കുന്നവ ഞാൻ വായിച്ചുവെന്നും വിശദാംശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ടെന്നും സ്ഥിരീകരിക്കുന്നു.

സ്ഥലം ____________________

തീയതി ____________________

____
പോളിസി ഉടമയുടെ ഒപ്പ്